**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3914** **15-07-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആധുനിക സൗകര്യത്തോട്ട കൂടിയ ട്രോമ കെയർ കെട്ടിടം, തീപൊള്ളേറ്റ് വരുന്നവർക്കുള്ള ബേൺ യൂണിറ്റ് എന്നിവ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | **തൃശ്ശൂർ മെഡിക്കൽ കോളേജിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരുന്നു.** |
| (ബി) | എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഹൃദയാഘാതവുമായി തൃശ്ശൂർ മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്ക് ആൻജിയോപ്ലാസ്റ്റി പോലുള്ള സൗകര്യങ്ങൾ 24 മണിക്കൂറും ലഭ്യമാക്കാൻ കാർഡിയാക് കാത്ത് ലാബ് സൗകര്യം വിപുലീകരിക്കുന്നതിന് വേണ്ട സൗകര്യങ്ങളും ജീവനക്കാരെയും ലഭ്യമാക്കാൻ ഇത് വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | **തൃശ്ശൂർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ വിഭാഗം നിലവിൽ ആരംഭിച്ചിട്ടില്ല. അതിനോടനുബന്ധിച്ചുള്ള ട്രോമാകെയർ വിഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ആൻജിയോപ്ലാസ്റ്റി പോലുള്ള സൗകര്യങ്ങൾ 24 മണിക്കൂറും ലഭ്യമാക്കാൻ കാർഡിയാക് കാത്ത് ലാബ് സൗകര്യം വിപുലീകരിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച വരുന്നു.** |
| (സി) | കിഫ്ബി മുഖേന നിർമ്മിക്കുന്ന തൃശ്ശൂർ മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിന്റെയും മാതൃ-ശിശു കേന്ദ്രത്തിന്റെയും നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (സി) | തൃശ്ശൂർ മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിന് കിഫ്ബി മുഖേന 285.54 കോടി രൂപയുടെ ഭരണാനുമതിയും 169.01 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. മാതൃ-ശിശു കേന്ദ്രത്തിനായി 277.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ സാമ്പത്തികാനുമതിക്കായി കിഫ്ബിയ്ക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | മെഡിക്കൽ കോളേജുകളിൽ ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനായി തൃശ്ശൂർ മെഡിക്കൽ കോളേജിന് ആദ്യ ഘട്ടത്തിൽ എത്ര തുകയാണ് അനുവദിച്ച് നൽകിയത് എന്നും രണ്ടാം ഘട്ടത്തിൽ ഈ പ്രവൃത്തിക്കായി തൃശ്ശൂർ മെഡിക്കൽ കോളേജിന് | (ഡി) | തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനായി ആദ്യ ഘട്ടത്തിൽ 5 കോടി രൂപ അനുവദിച്ചു. |

| | | | |
|---|---|---|---|
| | തുക അനുവദിച്ചിട്ടുണ്ടോ എന്നും തുക അനുവദിച്ചിട്ടുണ്ടെങ്കിൽ എത്ര എന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ